**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

| **നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5526** | **13-08-2021 - ൽ മറുപടിയ്ക്ക്** |
|---|---|

**പട്ടികവർഗ്ഗ വനിതകൾക്കായുള്ള വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാനപരിധി എന്ന നിബന്ധനയ്ക്ക് പുറമെ, മാതാവ്/പിതാവ്/ മാതാപിതാക്കൾ മരണപ്പെട്ടവരായിരിക്കണമെന്നും മാതാവിന്/പിതാവിന് രോഗബാധകൾ കാരണം ജോലി ചെയ്ത് ഉപജീവനം കണ്ടെത്തുവാൻ കഴിയില്ല എന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്നുമുള്ള അധിക നിബന്ധനകൾ കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്ക് പുറമെ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ച് പോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/ മാതാ പിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കുവാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ള പക്ഷം അത്തരം ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ അടിമപ്പണിയിൽ നിന്നും വിമുക്തരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/ പട്ടികവർഗ്ഗക്കാരല്ലാത്തവരിൽ നിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവിവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/ സമുദായഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി |

| | | | |
|---|---|---|---|
| | | | വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് മേല്പറഞ്ഞ അധിക നിബന്ധന ഇല്ലായെന്നിരിക്കെ, ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് ഇപ്രകാരം അധികനിബന്ധന വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്ക് പുറമെ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചു പോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/ മാതാ പിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കുവാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ള പക്ഷം അത്തരം ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ അടിമപ്പണിയിൽ നിന്നും വിമുക്തരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/ പട്ടികവർഗ്ഗക്കാരല്ലാത്തവരിൽ നിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവിവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/ സമുദായഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ, അധികവ്യവസ്ഥകൾ ഒഴിവാക്കി നിബന്ധനകൾ ലഘൂകരിച്ച് പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള അതേ വ്യവസ്ഥകൾക്ക് സമാനമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്ക് പുറമെ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചു പോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/ മാതാ |

| | | | |
|---|---|---|---|
| | | | പിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കുവാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ള പക്ഷം അത്തരം ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ അടിമപ്പണിയിൽ നിന്നും വിമുക്തരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/ പട്ടികവർഗ്ഗക്കാരല്ലാത്തവരിൽ നിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവിവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/ സമുദായഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തോളം കാലതാമസം ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തിന് ശേഷം ആയത് അനുവദിക്കുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നോൺ പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് മിശ്ര വിവാഹ ധനസഹായം അനുവദിച്ച് നൽകി വരുന്നത്. ഈ ശീർഷകത്തിൽ ലഭിക്കുന്ന ഫണ്ട് പരിമിതമായിരുന്നു. ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. നോൺ പ്ലാൻ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം ഉചിതമായ മറ്റ് ശീർഷകത്തിൽ നിന്നും കൂടി മിശ്രവിവാഹ ധനസഹായത്തിനുള്ള ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പട്ടികജാതി വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുമ്പോൾ, കൂടുതൽ ദുർബല വിഭാഗമായ പട്ടികവർഗ്ഗ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നോൺ പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് മിശ്ര വിവാഹ ധനസഹായം അനുവദിച്ച് നൽകി |

| | | | |
|---|---|---|---|
| | വിഭാഗങ്ങൾക്ക് മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ, ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തി ഇക്കാര്യത്തിലുള്ള കാത്തിരിപ്പിന് പരിഹാരം കാണാമോ; വ്യക്തമാക്കാമോ? | | വരുന്നത്. ഈ ശീർഷകത്തിൽ ലഭിക്കുന്ന ഫണ്ട് പരിമിതമായിരുന്നു. ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. നോൺ പ്ലാൻ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം ഉചിതമായ മറ്റ് ശീർഷകത്തിൽ നിന്നും കൂടി മിശ്രവിവാഹ ധനസഹായത്തിനുള്ള ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ